# (iii) സകാത്

നമസ്കാരത്തോടൊപ്പം ഖുർആൻ 28 തവണ ആവർത്തിച്ചനുശാസിച്ചിട്ടുള്ളതാണ് ഇസ്‌ലാം കാര്യങ്ങളിൽ മൂന്നാമത്തേതായ സകാത്. സംസ്കരണം, വളർച്ച, വികാസം എന്നൊക്കെയാണ് സകാത് എന്ന അറബി പദത്തിന്റെ ഭാഷാർഥം. സാങ്കേതികമായി, ശരീഅത് വിശ്വാസികളിൽ ചുമത്തുന്ന നിർബന്ധ സാമ്പത്തിക ബാധ്യതയുടെ പേരാണ് സകാത്. കാർഷികോൽപന്നങ്ങൾ, കാലികൾ, ഖനിജങ്ങൾ, പണം, വ്യാപാര ധനം തുടങ്ങിയ എല്ലായിനം സമ്പത്തിന്റെയും ഉടമകൾ സകാത് കൊടുക്കാൻ ബാധ്യസ്ഥരാകുന്നു. കാർഷികോൽപന്നങ്ങൾ ജലസേചനം ചെയ്ത് അധ്വാനിച്ച് വിളയിക്കുന്നതാണെങ്കിൽ അഞ്ച് ശതമാനവും പ്രകൃത്യാ ജലസേചനം ചെയ്യപ്പെടുന്നതാണെങ്കിൽ 10 ശതമാനവുമാണ് സകാതുവിഹിതം. വിളവ് 300 സ്വാഅ് (ഏതാണ്ട് 653 കിലോ) തികയുന്നതുവരെ സകാത് കൊടുക്കേണ്ടതില്ല. അഞ്ച് ഒട്ടകത്തിന് ഒരാട് എന്ന തോതിലാണ് ഒട്ടകത്തിന്റെ സകാത്. അഞ്ചിൽ കുറഞ്ഞ ഒട്ടകങ്ങളുടെ ഉടമ സകാത് കൊടുക്കേണ്ടതില്ല. ഗോക്കളുടെ സകാത് 30 എണ്ണത്തിന് ഒന്ന് എന്ന തോതിലാണ്. 30-ൽ കുറഞ്ഞാൽ സകാതു വേണ്ട. ആടിന്റെ സകാത് ബാധകമാകുന്ന പരിധി 40 ആണ്. 40 എണ്ണം തികഞ്ഞാൽ ഒരാട് സകാതു നല്കണം. കാലികളെല്ലാം നിശ്ചിത എണ്ണം ഒരു വർഷക്കാലം തുടർച്ചയായി ഉടമയുടെ കൈവശം ഇരുന്നിട്ടുണ്ടെങ്കിലേ സകാത് കൊടുക്കേണ്ടതുള്ളൂ. മുകളിൽ പറഞ്ഞതല്ലാത്ത മൃഗങ്ങളെ വ്യാപാരാടിസ്ഥാനത്തിൽ വളർത്തുന്നുണ്ടെങ്കിൽ അവ കച്ചവട സകാതിനു വിധേയമായിരിക്കും. അതല്ലാതെ, കൗതുകത്തിനുവേണ്ടിയോ സ്വന്തം ഉപയോഗത്തിനുവേണ്ടിയോ വളർത്തപ്പെടുന്ന ജന്തുക്കൾക്ക് സകാത് ഇല്ല. സ്വർണം, വെള്ളി, കറൻസി എന്നിവയുടെ സകാത് വിഹിതം 2.5 ശതമാനമാകുന്നു. സ്വർണത്തെ സംബന്ധിച്ചേടത്തോളം 85 ഗ്രാമും വെള്ളിക്ക് 595 ഗ്രാമുമാണ് സകാതു ബാധകമാകുന്ന പരിധി. അതിൽ കുറഞ്ഞതിന് സകാതില്ല. 85 ഗ്രാം സ്വർണത്തിന്റെ വിലയ്ക്കുള്ള പണത്തിന്റെ ഉടമകൾക്കും സകാത് ബാധകമാണ്. ഇത്രയും സ്വർണം അല്ലെങ്കിൽ തുക സൂക്ഷിക്കുന്നവർ വർഷാന്തം സകാതു കൊടുക്കണം. കച്ചവടത്തിനും സകാത് കണക്കാക്കേണ്ടത് വാർഷികാടിസ്ഥാനത്തിലാകുന്നു. കച്ചവടം തുടങ്ങി വർഷം തികഞ്ഞാൽ മൂലധനവും ലാഭവും ചേർന്നാൽ 85 ഗ്രാം സ്വർണത്തിന്റെ മൂല്യമോ അതിൽ കൂടുതലോ ഉണ്ടെങ്കിൽ 2.5 ശതമാനം സകാതു കൊടുക്കണം. ശമ്പളം, ഡോക്ടർമാരുടെയും എഞ്ചിനിയർമാരുടെയും കലാ-സാഹിത്യകാരന്മാരുടെയും വരുമാനം എന്നിവ എപ്പോൾ മേല്പറഞ്ഞ മൂല്യം തികയുന്നുവോ അപ്പോൾ സകാതു കൊടുത്തിരിക്കണം. തന്നാണ്ടിനുശേഷം അതു സൂക്ഷിച്ചുവയ്ക്കുന്നുവെങ്കിൽ തുടർന്നുള്ള വർഷങ്ങളിലും വാർഷിക സകാത് നല്കണം. ഇതാണ് സകാതിന്റെ സാമാന്യ രൂപം. സ്വന്തം ചെലവുകഴിച്ച് മിച്ചമുണ്ടെങ്കിലേ സകാത് നല്കേണ്ടതുള്ളൂ. ഒരാളുടെ വരുമാനം സകാതു ബാധകമാകുന്ന പരിധിയിൽ കവിഞ്ഞതാണെങ്കിലും അതു മുഴുവൻ അയാളുടെ കുടുംബ ജീവിതത്തിൽ ചെലവായിപ്പോവുകയാണെങ്കിൽ അയാൾ സകാതിൽനിന്നൊഴിവാകുന്നു.

സകാതിന്റെ ഗുണഭോക്താക്കൾ എട്ടു വിഭാഗമാണെന്ന് ഖുർആൻ നിർദേശിച്ചിരിക്കുന്നു: 1. നിർധനർ (ഫുഖറാഅ്). തൊഴിലോ മറ്റു വരുമാനമോ ഇല്ലാത്ത, ഉപജീവനത്തിന് പരസഹായം അത്യാവശ്യമായവർ. 2. അഗതികൾ (മസാകീൻ). തൊഴിലോ വരുമാനമോ ഉണ്ടെങ്കിലും അതുകൊണ്ട് ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ കഴിയാതെ വിഷമിക്കുന്ന പാവങ്ങൾ. 3. സകാത് ശേഖരണ-വിതരണ പ്രവർത്തനങ്ങളിലേർപ്പെട്ട ഉദ്യോഗസ്ഥൻമാരും തൊഴിലാളികളും (ആമിലീന അലൈഹാ). 4. മനസ്സ് ഇണക്കപ്പെടുന്നവർ (മുഅല്ലഫതുൽ ഖുലൂബ്). ഇസ്‌ലാമിലുള്ള വിശ്വാസം ദുർബലമായതിനാൽ ഇസ്‌ലാമിൽ ഉറപ്പിച്ചു നിർത്താനോ അല്ലെങ്കിൽ മുസ്‌ലിംകൾക്കെതിരിലുള്ള ദ്രോഹം തടുക്കാനോ അതുമല്ലെങ്കിൽ മുസ്‌ലിംകളുടെ പ്രതിരോധ പ്രവർത്തനത്തിൽ പ്രയോജനം ലഭിക്കാനോ വേണ്ടി സകാതു ഫണ്ടിൽനിന്നു ധനം നല്കപ്പെടുന്ന ഒരു വിഭാഗമാണിത്. 5. അടിമ മോചനം (ഫിർരിഖാബി): സമൂഹത്തിൽ അടിമകളുണ്ടെങ്കിൽ അവരെയും അടിമസമാനമായ പാരതന്ത്ര്യങ്ങളിലകപ്പെട്ടവരെയും ആ അവസ്ഥയിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. 6. കടക്കാരെ സഹായിക്കുക (അൽഗാരിമീൻ): കടം കയറി കഷ്ടപ്പെടുന്നവരുടെ കടം തീർത്തുകൊടുക്കുന്ന നടപടികൾക്ക്. 7. ദൈവമാർഗം (ഫീ സബീലില്ലാഹി): മതപ്രബോധനത്തിലും മതത്തിന്റെ ശത്രുക്കളോടുള്ള സമരത്തിലും ഏർപ്പെട്ടവർ. 8. സഞ്ചാരികൾ (ഇബ്നുസ്സബീൽ): പ്രവാസികൾ, അഭയാർഥികൾ, യാത്രക്കാർ തുടങ്ങിയവരെ സേവിക്കാനും സഹായിക്കാനും.

ഒരു വ്യക്തിയുടെ സ്വത്തിൽ സകാത് നിർബന്ധമായിത്തീരുന്നതോടെ അതിന്റെ സകാതുവിഹിതമായ 2.5 ശതമാനം അയാളുടേത് അല്ലാതായിത്തീരുന്നുവെന്നാണ് ശരീഅത് അനുശാസിക്കുന്നത്. പിന്നെ അത് സകാത് ലഭിക്കാൻ അർഹരായ ആളുകളുടെ സ്വത്തായിത്തീരുന്നു. ന്യായമായ കാരണമില്ലെങ്കിൽ അയാളതു കൈവശം വച്ചുകൊണ്ടിരിക്കുന്നതു പോലും അനാശാസ്യമാണ്. സകാത് കൊടുക്കാൻ ബാധ്യസ്ഥരായവർ അത് നല്കാതെ മരിച്ചു പോയാലും സകാതുവിഹിതം അയാളുടെ പേരിൽ കടമായി നിലനില്ക്കും. അനന്തരാവകാശികൾ ആ കടം വീട്ടേണ്ടതാണ്. പരേതന്റെ സ്വത്തിൽ സകാതുവിഹിതം കഴിച്ചു ബാക്കിയുള്ളതിലേ അവർക്ക് ദായധനാവകാശമുണ്ടായിരിക്കൂ.

സകാത് ശേഖരിക്കേണ്ടതും വിതരണം ചെയ്യേണ്ടതും സമൂഹനേതൃത്വം അഥവാ ഗവൺമെന്റാണ്. ഇസ്‌ലാമിക ഗവൺമെന്റിൽ ഒരു സകാത് വകുപ്പുണ്ടായിരിക്കും. ആ വകുപ്പിന്റെ പ്രവർത്തനത്തിനാവശ്യമായ ചെലവുകൾ സകാതിൽനിന്ന് എടുക്കാവുന്നതാണ്. എന്നാൽ ഇതര സർക്കാർ വകുപ്പുകളിലേക്കൊന്നും സകാത് ധനം മാറ്റാൻ പാടില്ല.

നമസ്കാരം പോലെ വ്യക്തിഗതമായ ബാധ്യതയാണ് സകാതും. സർക്കാർ തലത്തിൽ സകാത് ശേഖ

രണ- വിതരണ ഏജൻസി ഏർപ്പെടുത്താത്ത സ്ഥലങ്ങളിൽ സംഘടിതമായി സകാത് ശേഖരിക്കാനും വിതരണം ചെയ്യാനും സ്വയം സംവിധാനമുണ്ടാക്കാൻ മുസ്‌ലിം സമുദായം ബാധ്യസ്ഥമാകുന്നു. സമുദായം അങ്ങനെയൊരു പൊതു സംവിധാനമുണ്ടാക്കിയില്ലെങ്കിലും വ്യക്തികൾ സകാതു ബാധ്യതയിൽനിന്നു മുക്തരാകുന്നില്ല. ഓരോ വിശ്വാസിയും അവനവന്റെ സകാതുവിഹിതം അതിന്റെ അവകാശികളെ തേടിപ്പിടിച്ച് നല്കാൻ ബാധ്യസ്ഥനാകുന്നു.

കർമ പ്രമാണങ്ങളിൽ രണ്ടാമത്തേതായ നമസ്കാരത്തിന്റെ പൂരകമാണ് മൂന്നാം പ്രമാണമായ സകാത്. അതുകൊണ്ടുതന്നെയാവണം ഖുർആൻ നിരവധി സ്ഥലങ്ങളിൽ ‘അഖീമുസ്സ്വലാ’(നമസ്കാരം നിലനിർത്തുവ◌ിൻ) എന്ന കല്പനയോടൊപ്പം തന്നെ ‘വ ആതുസ്സ*കാത്’(സ*കാത് നല്കുകയും ചെയ്യുവ◌ിൻ) എന്നു കൂടി കല്പിച്ചിട്ടുള്ളത്. ദൈവഭക്തിയോട് മാനുഷികൈക്യത്തെയും അച്ചടക്കത്തെയും കൂട്ടിയിണക്കുന്ന ആരാധനാ രൂപമാണ് നമസ്കാരമെങ്കിൽ ഭക്തിയോട് പരാർഥ താൽപര്യത്തെയും ത്യാഗശീലത്തെയും കൂട്ടിയിണക്കുന്ന ഒരാരാധനയാണ് സ*കാത്. നമസ്കാരത്തിലൂടെ തന്റെ ജീവിതവും മരണവുമെല്ലാം അല്ലാഹുവിനുള്ളതാണെന്ന് പ്രതിജ്ഞ ചെയ്യുന്ന ദൈവദാസൻ സ*കാതിലൂടെ തന്റെ സമ്പത്ത് അവന്റെ മുമ്പിൽ സമർപ്പിക്കുകയാണ്. സ*കാത് നല്കുന്ന ഭക്തൻ ദൈവത്തിന്റെ പ്രീതിക്കുവേണ്ടി സ്വന്തം സമ്പത്ത് ത്യജിക്കുന്നു. സമ്പത്ത് സമ്പന്നരിൽ മാത്രം കറങ്ങാതെ സമൂഹത്തിലൊട്ടാകെ വിതരണം ചെയ്യപ്പെടുക എന്ന ഇസ്‌ലാമികാശയം (ഖു. 59:7) സാക്ഷാത്കരിക്കുന്നതിനുള്ള പ്രായോഗിക പരിശീലനവുമാണത്. സ*കാത്, ഉള്ളവരുടെ സമ്പത്തിൽ ഇല്ലാത്തവർക്ക് അനിഷേധ്യമായ അവകാശം നല്കുന്നു. അതുവഴി, ഉള്ളവരു◌ം ഇല്ലാത്തവരും തമ്മിലുള്ള ബന്ധം അസൂയയുടെയും വിദ്വേഷത്തിന്റേതുമാകുന്നതിനു പകരം സ്നേഹത്തിന്റേതും ഗുണകാംക്ഷയുടേതുമായിത്തീരുന്നു. ഒരേ സമയം ഉള്ളവരെയും ഇല്ലാത്തവരെയും ഭൗതികമായി വളർത്തുകയും മാനസികമായി സംസ്കരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഈ ആരാധന വളർച്ച, സംസ്കരണം എന്നീ അർഥങ്ങളുള്ള സ*കാത് എന്നു നാമകരണം ചെയ്യപ്പെട്ടത്.